

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## HAZRAT AMIR'UL MOMENEEN MUHYI-UD-DIN MUNIR AHMAD AZIM (atba)

## 01 June 2007

## (Summary of the Sermon)

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) 2007 ജൂൺ 1-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംഅ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധ ഖുർആനിലെ 33-ാം അധ്യായമായ **അഹ്സാബിൽ** നിന്നും 69 മുതൽ 71 വരെയുള്ള വചനങ്ങൾ ഓതി വിശദീകരണം നല്കുകയുണ്ടായി.

വിശ്വസിച്ചവരേ, നിങ്ങൾ മൂസായെ ഉപദ്രവിച്ചവരെ പോലെയാകരുത്. പക്ഷേ, അവർ ആരോപിച്ചതിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ ഒഴിവാക്കുകയുണ്ടായി. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അദ്ദേഹം ബഹുമാന്യനായിരുന്നു.

അല്ലാഹു(ത), തിരുനബി(സ)മുഖാന്തിരം ലഭിച്ച അല്ലാഹുവിൽ നിന്നുള്ള സന്ദേശത്തിൽ വിശ്വാസം അർപ്പിച്ച ജനതയെ അഭിസംബോധന ചെയ്തുകൊണ്ടു അവർ ഹസ്രത്ത് മൂസാ(അ)യ്ക്കെതിരിൽ വ്യാജാരോപണമുന്നയിച്ച ആളുകളെപോലെയാകരുത് എന്ന് പറയുന്നു. കുറെപേർ അദ്ദേഹത്തെ വിശ്വസിക്കുകയും, മറ്റു ചിലർ അവിശ്വസിക്കുകയും ചെയ്തു. അവിശ്വസിച്ചവർ അദ്ദേഹത്തെ കഷ്ടപ്പെടുത്തുകയും ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു. ഹസ്രത്ത് മൂസാ(അ)യ്ക്ക് തന്റെ ജനതയാൽ വളരെയേറെ പീഡനങ്ങൾ സഹിയ്ക്കേണ്ടി വന്നു.

ഇതോടൊപ്പം, അല്ലാഹുവിൽ നിന്നും ലഭിയ്ക്കുന്ന വെളിപാടുകൾ പ്രകാരം തന്റെ ജനതയെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കുക എന്ന കടുപ്പമേറിയ ഉത്തരവാദിത്തവും അദ്ദേഹത്തിനുണ്ടായിരുന്നു. സീനായ് മലയിലേക്ക് ധ്യാനത്തിനായി പോയ സമയത്ത് അദ്ദേഹം തന്റെ ജനതയെ മാർഗ്ഗദർശനം നല്കുന്ന ചുമതല സഹോദരനായ ഹസ്രത്ത് ഹാറൂൺ(അ)യെ ഏല്പിച്ചിരുന്നു. പക്ഷേ, അവർ അദ്ദേഹത്തെ അനുസരിക്കുവാൻ കൂട്ടാക്കാതെ വഴികേടിൽ അകപ്പെട്ടു. അല്ലാഹുവിൽ നിന്നും, സീനായ് മലയിൽ വച്ചു ലഭിച്ച പത്തു കല്പനകളുമായി തിരികെ (മടങ്ങി) വന്നപ്പോൾ ആ ജനത അദ്ദേഹത്തിനെതിരിൽ തിരിയുകയും ചെയ്തു.

തന്റെ ജനതയുടെ പ്രവൃത്തിയെപ്പറ്റി അറിഞ്ഞ മൂസാ(അ)അത്യധികം കോപാകുലനായി. തന്റെ ജനത ഏകദൈവ വിശ്വാസം, കൈവെടിയുകയും, പശുക്കുട്ടിയെയും ആരാധ്യവസ്തുവാക്കി വെച്ചിരിക്കുകയും ചെയ്തത് അദ്ദേഹം ജനങ്ങളെ നിലയ്ക്കു നിർത്തുന്നതിൽ പരാജയപ്പെട്ട്, അവരെ വിഗ്രഹാരാധനയിലേക്ക് പോകാൻ അനുവദിച്ച്, തന്നിലൂടെ (ഹസ്രത്ത് മൂസാ(അ)യിലൂടെ) അല്ലാഹുവിൽ നിന്നും ലഭിച്ച അധ്യാപനങ്ങളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ട തന്റെ സഹോദരൻ ഹാറൂനെ കണ്ടപ്പോൾ അദ്ദേഹത്തിന് തന്റെ കോപം നിയന്ത്രിക്കാനായില്ല.

അല്ലാഹുവിന്റെ പത്തുകല്പനകൾ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ട ഹാറൂൺ (അ)യോട് അദ്ദേഹത്തിന് ദേഷ്യം തോന്നി. ഹസ്രത്ത് മൂസാ(അ) അനവധി ആരോപണങ്ങൾക്കും പീഢനങ്ങൾക്കും വിധേയനാകേണ്ടി വന്ന ഒരു പ്രവാചകനായിരുന്നു. തന്റെ ശക്തനായ എതിരാളിയായ ഫറവോയിൽ നിന്നാണ് അദ്ദേഹത്തിന് ഏറ്റവുമധികം യാതനകൾ സഹിക്കേണ്ടി വന്നത്. ആട്ടിടയനായിരുന്ന ഹസ്രത്ത് മൂസാ (അ)യ്ക്ക് വേഗത്തിൽ സംസാരിക്കാനാവില്ലായിരുന്നു. ഈ വൈകല്യം നിമിത്തം, തന്റെ ദഅ്വാ പ്രവർത്തനങ്ങളിൽ സഹായിയായി, സംസാരിക്കുന്നതിൽ നല്ല പ്രാവീണ്യം പ്രകടിപ്പിച്ചിരുന്ന തന്റെ സഹോദരൻ ഹാറൂൻ (അ)യെ

ലഭിക്കേണമേ എന്ന് അദ്ദേഹം നിരന്തരം പ്രാർത്ഥിച്ചിരുന്നു.

ഹസ്രത്ത് മൂസാ(അ) അനീതി വച്ചുപൊറുപ്പിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അക്കാരണത്താൽ തന്നെ, അനീതി കാണിച്ച ഒരു ഇസ്രായേലി യുവാവിനെ അദ്ദേഹം വധിക്കുവാനിടയായി. തൗറാത്ത് എന്ന വേദഗ്രന്ഥവും, പത്തു കല്പനകളും ലഭിച്ച ഹസ്രത്ത് മൂസാ (അ) ബനൂ ഇസ്രയേൽ വംശത്തിലെ ഏറ്റവും മഹാനായ പ്രവാചകനായി പരിഗണിയ്ക്കപ്പെട്ടിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തെ വലിയ അക്രമങ്ങൾക്കും, പീഡകൾക്കും വിധേയനാക്കി. ഒരു യഥാർത്ഥ പ്രവാചകനെന്ന നിലയിൽ, ജനങ്ങൾ അദ്ദേഹത്തെ അക്ഷരാർത്ഥത്തിൽ ആരോപണങ്ങൾക്കും, പരിഹാസങ്ങൾക്കും, അക്രമങ്ങൾക്കും, ശാപവാക്കുകൾക്കും ഒക്കെ വിധേയനാക്കുകയും ചെയ്തു.

ഹസ്രത്ത് മുഹമ്മദ് നബി(സ)യെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു(ത) മൂസാനബി(അ)യുടെ നിഷ്കളങ്കതയെയും, പരിശുദ്ധിയെയും വെളുപ്പെടുത്തിക്കൊടുക്കുകയാണിവിടെ, ഈ വചനങ്ങളിലൂടെ അല്ലാഹു, ഹസ്രത്ത് മൂസാ(അ)യെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആദരണീയ സ്ഥാനം നേടിയെടുത്ത പ്രവാചകനാണ് എന്ന് ഉറപ്പിക്കുന്നു.

തിരുനബി(സ)യുടെ കാലത്തും ഹസ്രത്ത് മൂസാ(അ)യുടെ കാലത്തുണ്ടായിരുന്നതുപോലെയുള്ള ജനങ്ങൾ ഉണ്ടായിരുന്നു. അതിനാലാണ് തിരുനബി(സ)യെയും, അദ്ദേഹത്തിന്റെ ഉമ്മത്തിൽപ്പെട്ട യഥാർത്ഥവിശ്വാസികളെയും ആശ്വസിപ്പിക്കുവാനായി ഈ ആയത്ത് അവതരിപ്പിയ്ക്കപ്പെട്ടത്. അതോടൊപ്പം അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള (സ) വിശ്വാസം, അവൻ (അല്ലാഹു) ഇവിടെ അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു. (ലാ ഇലാഹ) ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ്)

യഥാർത്ഥ അധ്യാപനങ്ങളെ തിരസ്കരിച്ച്, പശുക്കുട്ടിയെ ആരാധ്യവസ്തുവാക്കിയ ഹസ്രത്ത് മൂസാ(അ)യുടെ ജനതയെ പോലെ, യഥാർത്ഥ വിശ്വാസികൾ ഒരിയ്ക്കലും വഴികേടിലാവുകയോ

അല്ലാഹു അല്ലാതെ മറ്റൊരു ദൈവത്തെ ആരാധിക്കുകയോ ചെയ്യരുത്.

ഫിർആൻ അദ്ദേഹത്തെ വധിയ്ക്കുവാൻ കാത്തിരിക്കുകയായിരുന്നു. പക്ഷേ, അല്ലാഹു തന്റെ പ്രവാചകനോടൊപ്പമായിരുന്നു. അവൻ തന്റെ ദൂതനെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു. ഇത് ഹസ്രത്ത് മൂസാ(അ)യുടെ നിഷ്കളങ്കതയെ സൂചിപ്പിക്കുന്ന വചനമാണ്. (നിക്കാഹ് ഖുത്തുബയിൽ ഈ രണ്ട് വചനങ്ങൾ ഓതുക പതിവാണ്)

വിശ്വസിച്ചവരേ, അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്കു പറയുകയും ചെയ്യുക

കണക്കെടുപ്പുനാളിൽ, അല്ലാഹുവിന്റെ മുന്നിൽ നാമോരോരുത്തരും കണക്കുബോധിപ്പിക്കേണ്ടവരായതിനാൽ, തങ്ങളുടെ ഓരോ പ്രവർത്തികളിലും അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളുക എന്ന് അല്ലാഹു സത്യവിശ്വാസികളോടു പറയുന്നു. ആയതിനാൽ സംസാരിക്കുമ്പോൾ വ്യക്തമായും, സത്യസന്ധമായും, തുറന്നു പറയുക, മധ്യസ്ഥന്റെ സഹായത്തോടെ സംസാരിക്കരുത്. ഇത് വിശ്വാസിയുടെ ലക്ഷണമല്ല.

എന്തെങ്കിലും കാര്യം ഒരാളോടു പറയാനോ, ചോദിക്കുവാനോ ഉണ്ടെങ്കിൽ അദ്ദേഹം രണ്ടാമനോട് നേരിൽ സംസാരിയ്ക്കണം. ഇടയ്ക്കൊരാളെ നിർത്തേണ്ടതില്ല.

നിക്കാഹ് ഖുത്തുബകളിൽ ഈ ആയത്ത് ഓതേണ്ടത് നിർബന്ധമാണ്. രണ്ടു വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നു വന്ന രണ്ടുപേർ ഒരു കൂരയ്ക്കുകീഴിൽ ഒന്നിച്ചു ജീവിച്ചു തുടങ്ങുന്ന സമയമാണത്. അങ്ങനെ ഒന്നിച്ചുള്ള ജീവിതം ആരംഭിക്കുമ്പോൾ തന്നെ, അല്ലാഹു അവരോട് പരസ്പം വിശ്വസ്തരായിരിക്കുവാനും, സത്യസന്ധരായിരിക്കാനും കല്പിക്കുന്നു. ഇത് അല്ലാഹുവിന്റെ കല്പനയാണ്. അവർ–ജീവിതപങ്കാളികൾ പരസ്പരം തുറന്നും, സത്യസന്ധമായും സംസാരിക്കണം, വിശ്വസ്തതയും സത്യസന്ധതയും ആയിരിക്കണം അവരുടെ ജീവിതത്തിലെ ആദ്യ ആയുധം.

അല്ലാഹു കിംവദന്തികൾ ഇഷ്ടപ്പെടുന്നില്ല. കുശുമ്പ്, പരദൂഷണം, നിസ്സാരകാര്യങ്ങൾ പെരുപ്പിച്ചു കാട്ടൽ, തുടങ്ങിയവയും ഇത്, ദമ്പതികൾക്കിടയിലും അവരുടെ കുടുംബത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കും.

1428 വർഷങ്ങൾക്കു മുമ്പുതന്നെ അല്ലാഹു ഈ സത്യം വെളിപ്പെടുത്തിത്തന്നു. സംസാരിക്കുന്നതിനു മുമ്പേ, പറയാൻ ഉപയോഗിക്കുന്ന വാക്കുകളെപറ്റി പത്തു തവണ ആലോചിക്കുക. പറയുന്നത് കള്ളമാണോ, ശരിയാണോ? അല്ലാഹുവിനെ മാത്രം ഭയപ്പെടുക. എല്ലാർക്കും എല്ലാം ഒന്നും ഗ്രഹിക്കാൻ സാധിക്കില്ല. പക്ഷേ, അല്ലാഹു എല്ലാം കേൾക്കുന്നവനും, കാണുന്നവനും, ആണ് എന്ന് ഓർക്കുക. അല്ലാഹുവാണ് നമ്മുടെ ശക്തനായ ദൈവം.

(അങ്ങനെ ചെയ്യുന്നതായാൽ) അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിത്തരികയും, നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനേയും അവന്റെ ദൂതനേയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്.

നാം അല്ലാഹുവിനെ ആത്മാർത്ഥമായും ഭയക്കുന്നുണ്ട് എങ്കിൽ സൗമ്യമായ-മാന്യമായ രീതിയിൽ-സത്യം പറയുക തന്നെ ചെയ്യണം. അപ്പോൾ അല്ലാഹു ക്രമേണ നമ്മുടെ അവസ്ഥയെ മെച്ചപ്പെടുത്തുകയും, നമ്മുടെ ഹൃദയത്തെ പരിശുദ്ധമാക്കി അവിടെ അവനിൽ നിന്നുള്ള പ്രകാശം കൊണ്ട് നിറക്കുകയും ചെയ്യും. അപ്പോൾ സത്യവിശ്വാസിക്ക് സമാധാനപരവും, ശാന്തവുമായ ജീവിതം നയിക്കുന്നതിന് സാധിക്കും. നമ്മുടെ ബുദ്ധിമുട്ടുകളിൽ നിന്ന് നമ്മെ അവൻ സംരക്ഷിക്കുകയും, നമ്മളെ സത്യസന്ധരായി നിലനിർത്തുകയും ചെയ്യും. സാവധാനം, നമ്മുടെയുള്ളിൽത്തന്നെ ഒരു പരിഷ്കരണം ഉടലെടുക്കും, ആയതിനാൽ നാം അല്ലാഹുവിനെ മാത്രം ഭയപ്പെടുക. ബലഹീനനായി സൃഷ്ടിയ്ക്കപ്പെട്ടിരിക്കുന്ന മനുഷ്യനെന്ന നിലയിൽ അല്ലാഹു നമ്മുടെ

തെറ്റുകൾ പൊറുത്തു തരും. ഇടയ്ക്കിടെ നമുക്ക് തെറ്റുപറ്റും തീർത്തും പരിശുദ്ധൻ എന്നാർക്കും അവകാശപ്പെടാനാവില്ല. അതൊരിയ്ക്കലും ശരിയല്ല. അല്ലാഹു പറയുന്നത് നമ്മൾ സത്യ സന്ധരായിരിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ, അവൻ നമ്മുടെ തെറ്റുകളും, പാപങ്ങളും പൊറുത്തു തരുമെന്നാണ്. ജനിക്കുന്ന വേളയിൽ മാത്രമേ നാം പരിശുദ്ധരായിട്ടുള്ളു. പിന്നീട് അങ്ങോട്ട് നമ്മുടെ ചുറ്റുപാടുകളുടെ സ്വാധീനത്തിലും, സമ്മർദ്ദത്തിലും പെട്ട് നാം തെറ്റുകൾ ഉള്ളവരായി മാറുന്നു. അതുകൊണ്ടാണ്, ഇട യ്ക്കിടെ നാം നമ്മുടെ നമസ്ക്കരിങ്ങളിലും, ദുആകളിലും, ദിക്റു കളിലും അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നത്. കാരണം പൊറുത്തു കൊടുക്കുന്ന ഒരേ ഒരു ദൈവം അല്ലാഹു മാത്രമാകു ന്നു.

അല്ലാഹുവിനേയും അവന്റെ റസൂലിനേയും (സ) അനുസരി ക്കുന്നവർ വിജയം വരിച്ചവരുടെ കൂടെയാണ്. ഈ വിജയം അവർ വരിക്കുന്നത്, അല്ലാഹുവിന്റെ പ്രവാചകനിലൂടെ അല്ലാഹു അവർക്ക് നല്കിയ കല്പനകളെ അനുസരിക്കുന്നതിൽ അവർ വിജ യിക്കുമ്പോഴാണ്. അതായത് അല്ലാഹു(ത) ഹസ്രത്ത് മുഹമ്മദ് നബി(സ)ക്ക് നല്കിയ മാർഗ്ഗദർശനം പിന്തുടരുന്നവർക്ക് വിജയം ലഭിക്കും. തീർച്ചയായും, ഈ പ്രവാചകൻ പരിശുദ്ധവും സത്യസ ന്ധവുമായ പാതയിലുടെയാണ് നമ്മെ നയിക്കുന്നത്. വമ്പിച്ച ജയം എന്നതുകൊണ്ട്, വലിയ വീടോ, കാറോ, ബംഗ്ലാവോ, പണമോ ഒന്നുമല്ല അർത്ഥമാക്കുന്നത്. അതെ, ഇവയൊക്കെ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ തന്നെ. അതിന് അൽഹംദുലില്ലാഹ് എന്ന് പറഞ്ഞ് നാം അവനെ സ്തുതിക്കുകയും ചെയ്യണം.


അൽഹംദുലില്ലാഹ് എന്ന് പറയാൻ നമുക്ക് സാധിയ്ക്കണം. അതുപോലെ എന്തെങ്കിലും കളഞ്ഞുപോവുകയോ, നമുക്ക് ബുദ്ധി മുട്ട് ആവുന്നു എന്ന് അനുഭവപ്പെടുകയോ ചെയ്യുമ്പോൾ നാം ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന ദുആ ചെയ്യു കയു ചെയ്യണം.

ഇതെല്ലാം അല്ലാഹുവിനുള്ളതാകുന്നു. നിശ്ചയമായും ഒരു ദിവസം നമുക്കെല്ലാം അവനിലേക്ക് (അല്ലാഹുവിങ്കലേക്ക്) മടങ്ങി പോകേണ്ടതു തന്നെ.

ആയതിനാൽ, നാമെല്ലാവരും അല്ലാഹുവിനോട് അങ്ങേയറ്റം നന്ദിയുള്ളവരും, അവനെ വാഴ്ത്തുന്നവരും ആയിരിക്കണം. കാരണം ഈ ദുആകൾ നമ്മെ പഠിപ്പിച്ചത് അല്ലാഹുവാണ്. അല്ലാഹുവിനെയും, അവന്റെ റസൂൽ(സ)നേയും അനുസരിച്ചവർക്കുള്ള മറ്റൊരു പ്രതിഫലം-അവൻ നമുക്ക് പാരിതോഷികം മാറ്റിവച്ചിട്ടുണ്ട് എന്നുള്ളതാണ്. തിരുനബി(സ)യുടെ മാതൃക പിൻപറ്റി അല്ലാഹുവിന്റെ കല്പനകളും, അധ്യാപനങ്ങളും പാലിയ്ക്കുന്നവർക്ക് സംതൃപ്തി ലഭിക്കുന്നതാണ്. മുഴുവൻ ജനതയ്ക്കും തിരുനബി(സ) ഒരു ഉത്തമ മാതൃകയാണ്. തീർച്ചയായും അദ്ദേഹത്തെ പിൻപറ്റുന്നവർ, അല്ലാഹുവിന് പ്രിയപ്പെട്ടവരാണ്.

അല്ലാഹുവിന്റെ സ്നേഹഭാജനങ്ങളായി മാറിയവർ മഹത്തായ വിജയം ലഭിക്കുന്നത് അവർ ഐഹികജീവിതം വെടിയുമ്പോഴാണ്-മലക്കുകൾ നമ്മെ സലാം കൊണ്ട് സ്വീകരിക്കുകയും, സ്വാഗതമാശംസിക്കുകയും ചെയ്യും. പിന്നീട് സംതൃപ്തിയും, സന്തോഷവും കളിയാടുന്ന ശാശ്വത ജീവിതം അല്ലാഹുവിൽ നിന്നുള്ള പാരിതോഷികമായി സ്വീകരിച്ച് നാം അവിടെ സ്വർഗ്ഗത്തിൽ വിരാജിക്കും.

ഇൻശാ അല്ലാഹ്! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*